(ബി) ഇക്കാര്യത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടി വിശദമാക്കാമോ ?

ഉത്തരം

(എ&ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രാജീവ് ഗാന്ധി ഡ്രിങ്കിംഗ് വാട്ടർ മിഷനിൽ ഉൾപ്പെടുത്തി, പുല്ലുമല, മൂന്നാനക്കുഴി എന്നീ പ്രദേശങ്ങൾക്കു വേണ്ടി മൂന്നാനക്കുഴി, ഊരാളി കാട്ടുനായിക്കം കോളനി ശുദ്ധജലവിതരണ പദ്ധതി എന്ന ഒരു പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പുതുക്കിയ നിരക്ക് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. വാളവയൽ പ്രദേശത്തിനുവേണ്ടി ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി ഒരു ശുദ്ധജലവിതരണപദ്ധതി പഞ്ചായത്ത് നടപ്പാക്കുന്നുണ്ട്.

കോതകുളങ്ങര നോർത്ത് വാട്ടർ സപ്ലൈ സ്കീം

154 (2619) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ കോതകുളങ്ങര നോർത്ത് വാട്ടർ സപ്ലൈ സ്കീമിന്റെ നിർമ്മാണം തുടങ്ങിയോ ; എങ്കിൽ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ ;

(ബി) തുടങ്ങിയില്ലെങ്കിൽ പണി തുടങ്ങുന്നതിന് കാലതാമസം എന്തുകൊണ്ടാണെന്നും ആയത് ഒഴിവാക്കി പണി എന്നത്തേക്ക് തുടങ്ങുവാൻ കഴിയും എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രസ്തുത സ്കീമിന്റെ പണികൾ തുടങ്ങിയിട്ടുണ്ട്. ഇൻ ടേക്ക് വെൽ, ട്രീറ്റ്മെന്റ് പ്ലാന്റ് ഇവയ്ക്കുള്ള സ്ഥലം ലഭ്യമായിട്ടുണ്ട്. ഇൻടേക് വെല്ലിന്റെ പണിക്കുള്ള ടെൻഡർ ചെയ്തു കഴിഞ്ഞു. ട്രീറ്റ്മെന്റ് പ്ളാന്റിന്റെ എസ്റ്റിമേറ്റിന്റേയും ഡിസൈനിന്റെയും പരിശോധന നടന്നുവരുന്നു. ഉടൻതന്നെ പ്രസ്തുത പണികൾക്കുള്ള ടെന്റർ ക്ഷണിക്കുന്നതാണ്. പമ്പിംഗ് മെയിനിന്റെ പണികൾ ആരംഭിച്ചിട്ടുണ്ട്. വിതരണശൃംഖലയ്ക്കുള്ള പൈപ്പുകൾ ലഭിച്ചിട്ടില്ല.

(ബി) പണികൾ തുടങ്ങിയിട്ടുണ്ട്.

ശുദ്ധജലതടാകങ്ങൾ

155 (2620) ശ്രീ. ബാബുദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ശുദ്ധജല തടാകങ്ങൾ ഉണ്ട് ;

(ബി) അവ എവിടെയെല്ലാം സ്ഥിതിചെയ്യുന്നു ;

(സി) ഇവയുടെ സംരക്ഷണ ചുമതല ആർക്കാണ് ;

LIBRARY ARCHIVES Kerala Legislative Assembly